**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5134** **11-08-2021 - ൽ മറുപടിയ്ക്ക്**

**വികസന പരിശീലന കേന്ദ്രങ്ങൾക്ക് ലഭ്യമാകുന്ന ധനസഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വികസന പരിശീലന കേന്ദ്രങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്നത്; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിൽ നിന്നും റെക്കറിംഗ്, നോൺ റെക്കറിംഗ് ഗ്രാന്റുകൾ വികസന പരിശീലന കേന്ദ്രങ്ങൾക്ക് ലഭിക്കുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ എത്ര പരിശീലനകേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത പരിശീലന കേന്ദ്രങ്ങളെ സർക്കാർ വകുപ്പിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | നിലവിൽ മൂന്ന് പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന കൊട്ടാരക്കര, മണ്ണുത്തി,തളിപ്പറമ്പ് , എന്നിവിടങ്ങളിലെ എക്സ്റ്റെൻഷൻ ട്രെയിനിംഗ് സെന്ററുകളെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)-യുമായി സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി 13.02.2017 ലെ സർക്കാർ ഉത്തരവ് നമ്പർ 34/2017/ത.സ്വ. ഭ.വ പ്രകാരം യഥാക്രമം കില –സെന്റർ ഫോർ സോഷ്യോ ഇക്കണോമിക്സ് ഡവലപ്പ്മെന്റ്- കൊട്ടാരക്കര, കില – സെന്റർ ഫോർ ഗുഡ് ഗവേണൻസ്- മണ്ണുത്തി,കില -സെന്റർ ഫോർ ഓർഗാനിക്ക് ഫാമിംഗ് & വേസ്റ്റ് മാനേജ്മെന്റ് – തളിപ്പറമ്പ് എന്നിങ്ങനെ പുനർനാമകരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പരിശീലന കേന്ദ്രങ്ങളെ സർക്കാർ വകുപ്പിൽ നിന്നും ഒഴിവാക്കിയാൽ അവയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്രസർക്കാർ ഫണ്ടിന്റെ ലഭ്യതയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | വികസന പരിശീലന കേന്ദ്രങ്ങൾ നിർത്തലാക്കുമ്പോൾ നിലവിൽ അവിടെയുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ എപ്രകാരം ക്രമപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ഡി) | 17.07.2020-ലെ സ.ഉ. (കൈ) നം. 106/2020/ തസ്വഭവ പ്രകാരം നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണ്ണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണെന്നും കിലയുടേതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് |

| | | | |
|---|---|---|---|
| | | | കിലയ്ക്ക് വിട്ടുകൊടുക്കേണ്ടതാണെന്നും ഉത്തരവായിരുന്നു. വികസന പരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ജീവനക്കാരുമായി വകുപ്പ് ചർച്ച നടത്തിയിട്ടില്ല. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | 17.07.2020-ലെ സ.ഉ. (കൈ) നം. 106/2020/ തസ്വഭവ പ്രകാരം നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണ്ണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണെന്നും കിലയുടേതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് കിലയ്ക്ക് വിട്ടുകൊടുക്കേണ്ടതാണെന്നും ഉത്തരവായിരുന്നു. വികസന പരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ജീവനക്കാരുമായി വകുപ്പ് ചർച്ച നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ